(സി) അവിടെ കുട്ടികൾക്കും മുതിർന്നവർക്കും മാനസികോല്ലാസത്തിന് വേണ്ട സൗകര്യങ്ങൾ ഉണ്ടാക്കുമോ;

(ഡി) കുടിവെള്ളം, വൈദ്യുതി എന്നിവയും മാലിന്യ ദൂരീകരണത്തിനുള്ള സൗകര്യവും അവിടെ ഏർപ്പെടുത്തുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ, ബി, സി ആന്റ് ഡി) സുനാമി ദുരന്തംമൂലം തീരദേശത്തുള്ള വീടുകൾക്ക് പൂർണ്ണമായോ ഭാഗികമായോ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. പൂർണ്ണമായി വീടു നഷ്ടപ്പെട്ടവർക്ക് പുനരധിവാസത്തിന്റെ ഭാഗമായി സ്ഥിരം വീടുകൾ നിർമ്മിച്ചു നൽകാൻ നടപടി ആരംഭിച്ചിട്ടുണ്ട്. ഇതിനോടകം 3000 വീടുകൾ നിർമ്മിച്ചു നൽകുന്നതിന് സന്നദ്ധസംഘടനകൾക്കും സർക്കാരേതിര സംഘടനകൾക്കും അനുവാദം നൽകിക്കഴിഞ്ഞു. Township-കൾ രൂപീകരിക്കുന്ന കാര്യം ഇതുവരെ തീരുമാനമായിട്ടില്ല. ഇക്കാര്യത്തിൽ ജില്ലാ കളക്ടർമാരിൽ നിന്നും നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് തീരുമാനം കൈക്കൊള്ളുന്നതാണ്.

ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിനുവേണ്ടിയുള്ള അപേക്ഷകളിൻമേൽ അദാലത്ത്

*14 [369] ശ്രീ. സി. ടി. അഹമ്മദ് അലി:
„ പി. കെ. കെ. ബാവ:
„ ചെർക്കളം അബ്ദുള്ള:
„ സി. മോയിൻകുട്ടി:
„ ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരീക്ഷാ ഭവനിൽ ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിനു വേണ്ടിയുള്ള അപേക്ഷകളിൻമേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ഇടക്കാല മറുപടി നൽകാൻ നടപടി സ്വീകരിക്കുമോ;

(ബി) തീർപ്പാക്കാതെ കിടക്കുന്ന ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിനുവേണ്ടിയുള്ള അപേക്ഷകളിൻമേൽ അദാലത്തുകൾ സംഘടിപ്പിച്ച് തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിനുവേണ്ടിയുള്ള അപേക്ഷകളിൻമേൽ തീരുമാനമെടുക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ഇതിനകംതന്നെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അത് പ്രകാരം ഗസറ്റ് വിജ്ഞാപനം ഒഴിവാക്കുകയും പകരം പത്രപ്പരസ്യത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാൻ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല പരീക്ഷാ ഭവനിൽ ലഭിക്കുന്ന അപേക്ഷകളിൻമേൽ തീരുമാനമെടുക്കുന്നതിന് സമയപരിധി നിർണ്ണയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇടക്കാല മറുപടിയുടെ ആവശ്യം ഉണ്ടെന്ന് തോന്നുന്നില്ല.

(ബി) ഇപ്പോൾ തീർപ്പാകാതെ കിടക്കുന്ന അപേക്ഷകളിൻമേൽ സമയ പരിധിക്കുള്ളിൽ തീരുമാനമെടുക്കുന്നതിനുള്ള നടപടികൾ പരീക്ഷാ കമ്മീഷണർ സ്വീകരിച്ചിട്ടുണ്ട്.

പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം

*15 [370] ശ്രീ. ടി. പി. രാമകൃഷ്ണൻ:
„ സാജു പോൾ:
„ കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിന് നടപടി കൈക്കൊണ്ടിട്ടുണ്ടോ;

(ബി) പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന എത്ര കുടുംബങ്ങൾ പട്ടയത്തിനുവേണ്ടി അപേക്ഷ നൽകിയിട്ടുണ്ട്;

(സി) ഇവർക്ക് പട്ടയം നൽകുന്നതിന് സർക്കാർ കൈക്കൊണ്ട നടപടികൾ എന്തെല്ലാം;

(ഡി) ഗ്രാമപഞ്ചായത്തുകളുടെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമികളിൽ താമസിക്കുന്നവർക്ക് പട്ടയം നൽകാൻ സർക്കാർ ആലോചിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഉണ്ട്.

(ബി) പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന 12513 കുടുംബങ്ങൾ പട്ടയത്തിന് വേണ്ടി അപേക്ഷ നൽകിയിട്ടുണ്ട്.

(സി) നിലവിലുള്ള ഭൂമി പതിവ് ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ അപേക്ഷകൾ പരിശോധിച്ച് അർഹരായവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly